ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അക്ഷയ പദ്ധതിക്ക് പ്രാദേശികമായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം 17-6-2004-ലെ ഗവൺമെന്റ് ഉത്തരവ് G.O. (Rt.) 130/2004/ITD-യിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ജനസേവന കേന്ദ്രം മാറ്റി സ്ഥാപിക്കാൻ നടപടി

53 [507] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യൂസൽ ബസ്റ്റാന്റിലെ നാലാം നിലയിൽ പ്രവർത്തിച്ചുവരുന്ന ജനസേവന കേന്ദ്രത്തിൽ ജനങ്ങൾക്ക് എത്തിച്ചേരാനുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസേവനകേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ചു തരുന്നത് അതാതു സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കോഴിക്കോട് നഗരസഭയുമായി സഹകരിച്ച് പ്രസ്തുത ജനസേവന കേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

54 [508] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ ഭാഗമായി എത്ര അംഗൻവാടികൾ പുതുതായി ആരംഭിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം പുതിയ പ്രോജക്ടുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മുടങ്ങിക്കിടക്കുന്നവ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) അംഗൻവാടി വർക്കേഴ്സ്, ഹെൽപ്പേഴ്സ് എന്നീ വിഭാഗത്തിലുള്ളവരുടെ ജോലിഭാരം പരിഗണിച്ച് അവരുടെ സേവന വേതന നിരക്കുകൾ പരിഷ്ക്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനുവേണ്ടി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസഹായത്തിന്റെയും സംസ്ഥാന വിഹിതത്തിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004 മാർച്ച് മാസം കണക്കനുസരിച്ച് 24413 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	2101
കൊല്ലം	..	2115
പത്തനംതിട്ട	..	1189
ആലപ്പുഴ	..	1794
കോട്ടയം	..	1729
ഇടുക്കി	..	1126
എറണാകുളം	..	2117
തൃശ്ശൂർ	..	2479
പാലക്കാട്	..	2050
മലപ്പുറം	..	2404
കോഴിക്കോട്	..	2213
വയനാട്	..	516
കണ്ണൂർ	..	1713
കാസർകോട്	..	867
ആകെ	..	24413

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 163 ശിശു വികസന പദ്ധതികളിലായി ആകെ അനുവദിച്ച 25393 അംഗൻവാടികളിൽ 4220 അംഗൻവാടികൾ കൂടി പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പദ്ധതി പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞു. സംസ്ഥാനത്ത് ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലോകബാങ്ക് പദ്ധതി പ്രകാരം 1600 അംഗൻവാടികളുടെ കെട്ടിടം പണി പുരോഗമിച്ചുവരുന്നു. ഭരണ നവീകരണ പദ്ധതി പ്രകാരം 1102 അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവും ഉണ്ടാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2004-2005 വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ച 27 കോടി രൂപ വകകൊള്ളിച്ച് അംഗൻവാടികളുടെ കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അംഗൻവാടി കെട്ടിട നിർമ്മാണ ചുമതല ഇപ്പോൾ തദ്ദേശ ഗവൺമെന്റുകൾക്കാണ്. തദ്ദേശ ഗവൺമെന്റുകളുടെ ഫണ്ടും, എം. പി., എം.എൽ.എ. ഫണ്ടും മറ്റു വകുപ്പു കളുടെ ഫണ്ടും ഉപയോഗപ്പെടുത്തി അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നീ വിഭാഗങ്ങളുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനെപ്പറ്റി പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നു.

(എഫ്) ഓരോ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം നൽകുന്നതിന് കേന്ദ്രസർക്കാർ സഹായവും സംസ്ഥാന സർക്കാർ വിഹിതവും ചുവടെ ചേർക്കുന്നു:

(എ) അംഗൻവാടി വർക്കർ

	കേന്ദ്ര വിഹിതം	*സംസ്ഥാന വിഹിതം*	*ആകെ*
(1) നോൺ മെട്രിക്കുലേറ്റ് . .	938	300	1238
(2) നോൺ മെട്രിക്കുലേറ്റ് ഓണറേറിയം വ്യവസ്ഥയിൽ 5 വർഷം തികഞ്ഞവർക്ക് . .	969	300	1269
(3) നോൺ മെട്രിക്കുലേറ്റ് ഓണറേറിയം വ്യവസ്ഥയിൽ 10 വർഷം തികഞ്ഞവർക്ക് . .	1000	300	1300
(4) മെട്രിക്കുലേറ്റ് . .	1000	300	1300
(5) മെട്രിക്കുലേറ്റ് ഓണറേറിയം വ്യവസ്ഥയിൽ 5 വർഷം തികഞ്ഞവർക്ക് . .	1031	300	1331
(6) മെട്രിക്കുലേറ്റ് ഓണറേറിയം വ്യവസ്ഥയിൽ 10 വർഷം തികഞ്ഞവർക്ക് . .	1063	300	1363
(ബി) അംഗൻവാടി ഹെൽപ്പർ . .	500	300	800

ഇതുകൂടാതെ ഉത്സവ ബത്തയായി അംഗൻവാടി വർക്കർക്ക് 425 രൂപയും അംഗൻവാടി ഹെൽപ്പർക്ക് 375 രൂപയും സംസ്ഥാന സർക്കാർ നൽകുന്നു. അംഗൻവാടി ക്ഷേമനിധി ഫണ്ടും സർക്കാർ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly